**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5944** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഗ്രാമവികസന വകുപ്പിൽ സർവീസ് റെഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമവികസന വകുപ്പിൽ ഒരു ജീവനക്കാരന്റെ സർവീസ് റെഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്; | (എ) | പ്രവേശനതസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ മുൻകാലസ്വഭാവവും ക്രിമിനൽ പശ്ചാത്തലവും സംബന്ധിച്ച പൊലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും ജോലിക്ക് വേണ്ടിയുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടുന്നത്. |
| (ബി) | ഗ്രാമവികസന കമ്മീഷണർ നിയമനാധികാരി ആയിട്ടുള്ള തസ്തികകളിൽ സർവീസിൽ പ്രവേശിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും സർവീസ് റെഗുലറൈസ് ചെയ്യപ്പെടാത്ത ജീവനക്കാർ ആരൊക്കെയാണെന്നും ആയതിന്റെ കാലതാമസത്തിന് കാരണമെന്തെന്നും വിശദമാക്കുമോ; | (ബി) | ഗ്രാമവികസന വകുപ്പിൽ ഗ്രാമവികസന കമ്മീഷണർ നിയമനാധികാരിയായിട്ടുള്ളതും സർവീസ് റെഗുലറൈസേഷൻ വേണ്ടതുമായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ രണ്ട് വർഷം കഴിഞ്ഞിട്ടും സർവ്വീസ് റെഗുലറൈസ് ചെയ്യാത്ത അഞ്ച് ഉദ്യോഗസ്ഥരാണുള്ളത്.<br><br>ശ്രീമതി .ശ്രുതി.ബി, ശ്രീമതി. പ്രിയ.പി, ശ്രീമതി. ലക്ഷ്മി ദാസ്, ശ്രീ.രാജേഷ് ആർ. നാഥ്, ശ്രീമതി. സബിത. റ്റി<br><br>നേരിട്ടുള്ള നിയമനരീതിയിൽ പി.എസ്.സി മുഖാന്തിരം നിയമിക്കപ്പെട്ട മേൽ ഉദ്യോഗസ്ഥരുടെ പി.എസ്.സി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് അവരുടെ സർവീസ് റെഗുലറൈസ് ചെയ്യുന്നതിന് വൈകിയത് എന്നും മേൽ പ്രതിപാദിച്ചിട്ടുള്ള ക്രമ നം. 1 മുതൽ 4 വരെയുള്ള ഉദ്യോഗസ്ഥരുടെ പി.എസ്.സി വെരിഫിക്കേഷൻ റിപ്പോർട്ടും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . അവരുടെ സർവീസ് റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ക്രമ നം.5 ആയ ഉദ്യോഗസ്ഥ |

| | | | |
|---|---|---|---|
| | | | ശൂന്യവേതനാവധിയിലായതിനാൽ പി.എസ്.സി വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും വകുപ്പധ്യക്ഷൻ അറിയിച്ചിട്ടുണ്ട് . |
| (സി) | പ്രസ്തുത ജീവനക്കാരുടെ സർവീസ് അടിയന്തിരമായി റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഗ്രാമവികസന വകുപ്പിൽ ഗ്രാമവികസന കമ്മീഷണർ നിയമനാധികാരിയായിട്ടുള്ളതും സർവീസ് റെഗുലറൈസേഷൻ വേണ്ടതുമായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ രണ്ട് വർഷം കഴിഞ്ഞിട്ടും സർവ്വീസ് റെഗുലറൈസ് ചെയ്യാത്ത അഞ്ച് ഉദ്യോഗസ്ഥരാണുള്ളത്.<br><br>ശ്രീമതി .ശ്രുതി.ബി, ശ്രീമതി. പ്രിയ.പി, ശ്രീമതി. ലക്ഷ്മി ദാസ്, ശ്രീ.രാജേഷ് ആർ. നാഥ്, ശ്രീമതി. സബിത. റ്റി<br><br>നേരിട്ടുള്ള നിയമനരീതിയിൽ പി.എസ്.സി മുഖാന്തിരം നിയമിക്കപ്പെട്ട മേൽ ഉദ്യോഗസ്ഥരുടെ പി.എസ്.സി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിന് വൈകിയത് എന്നും മേൽ പ്രതിപാദിച്ചിട്ടുള്ള ക്രമ നം. **1** മുതൽ **4** വരെയുള്ള ഉദ്യോഗസ്ഥരുടെ പി.എസ്.സി വെരിഫിക്കേഷൻ റിപ്പോർട്ടും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും ലഭ്യമായിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . അവരുടെ സർവീസ് റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ക്രമ നം.**5** ആയ ഉദ്യോഗസ്ഥ ശൂന്യവേതനാവധിയിലായതിനാൽ പി.എസ്.സി വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നതിനും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും വകുപ്പധ്യക്ഷൻ അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ